# അക്കാദമിക മാസ്റ്റർ പ്ലാൻ

## ജി.എൽ.പി.എസ് വെള്ളാട്ട്

## 2025 - 2026

# ആമുഖം

കയ്യൂർ - ചീമേനി പഞ്ചായത്തിലെ വെള്ളാട്ട് വാർഡിലാണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. സ്വാതന്ത്ര്യത്തിനു ശേഷം കേരളീയ സാഹചര്യങ്ങൾ അതിവേഗത്തിൽ മാറിക്കൊണ്ടിരുന്നപ്പോഴും കയ്യൂർ - ചീമേനി പഞ്ചായത്തിലെ പല പ്രദേശങ്ങളുടെയും സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ നിലവാരത്തിലെ വളർച്ച വളരെ മന്ദഃഗതിയിലായിരുന്നു. എഴുത്തുകൂടുകൾ കേന്ദ്രീകരിച്ചായിരുന്നു ഇവിടെ ഔപചാരിക വിദ്യാഭ്യാസം ആരംഭിച്ചത്.

ഈ പ്രദേശത്തെ ജനങ്ങളെ വിദ്യാഭ്യാസപരമായും സാമൂഹികമായും ഉയർത്തിക്കൊണ്ടു വരുന്നതിൽ മുഖ്യ പങ്കുവഹിച്ച സ്ഥാപനമാണിത്. ഈ പ്രദേശത്ത് ജനവാസം കുറവായതുകൊണ്ടും, ഭൂമിശാസ്ത്രപരമായ പ്രത്യേകത കൊണ്ടും ഈ വിദ്യാലയത്തിലെ കുട്ടികളുടെ എണ്ണം കുറഞ്ഞുവരികയാണ്. കിഴക്ക് ഭാഗത്ത് കുന്നുകളും പാറയും നിറഞ്ഞ പ്രദേശവും പടിഞ്ഞാറ് തേജസ്വിനിപ്പുഴയുമാണുള്ളത്. കുട്ടികളുടെ എണ്ണം കുറവാണെങ്കിലും അക്കാദമിക, കലാകായിക പ്രവർത്തനങ്ങളിൽ എന്നും മുന്നിലാണ്. 2024 - 2025 വർഷത്തിൽ നാലാം ക്ലാസിൽ ആകെ അഞ്ച് കുട്ടികളാണ് പഠിച്ചിരുന്നത്.

പ്രധാനധ്യാപകനടക്കം 4 അധ്യാപകർ, ഒരു പി.ടി.സി.എം എന്നിവർ ഇവിടെ ജോലി ചെയ്യുന്നു.

# സ്കൂളിന്റെ ചരിത്രം

1956-ൽ വെള്ളാട്ട് പ്രദേശത്ത് ഒരു വീടിനോടനുബന്ധിച്ച് ആവിക്കാൽ ചന്തൻ എന്നയാൾ നൽകിയ സ്ഥലത്താണ് ആദ്യ വിദ്യാലയം പ്രവർത്തനമാരംഭിച്ചത്. 27 കുട്ടികളാണ് ആദ്യം ഈ വിദ്യാലയത്തിൽ പഠിച്ചിരുന്നത്. തുടക്കത്തിൽ ഇതൊരു ഏകാധ്യാപക വിദ്യാലയമായിരുന്നു. കിഴക്ക് ഭാഗത്ത് കാടുനിറഞ്ഞ വലിയ കുന്നുകളും പടിഞ്ഞാറ് ഭാഗത്ത് തേജസ്വിനിപ്പുഴയും ഉള്ളതിനാൽ ഇവിടുത്തുകാർക്ക് പുറംലോകത്ത് എത്തിച്ചേരാൻ പ്രയാസമായിരുന്നു. ഭൂമിശാസ്ത്രപരമായ ഈ പ്രത്യേകതകൾ ജനങ്ങളുടെ ജീവിതത്തെയും സ്വാധീനിച്ചു.

സാധാരണ ജനങ്ങൾക്ക് വിദ്യയോടാനുള്ള താത്പര്യം വർധിച്ചതോടെ നിലവിലെ അവസ്ഥയ്ക്ക് മാറ്റം വന്നു. ജനങ്ങളുടെ പ്രവർത്തനത്തിന്റെയും ഗവൺമെന്റ് സഹായത്തിന്റെയും ഫലമായി പുന്നത്തോട്ടിൽ വെളുത്തമ്പാടി എന്നയാൾ സൗജന്യമായി നൽകിയ സ്ഥലത്ത് 1972-ൽ ഓടുമേഞ്ഞ കെട്ടിടത്തിൽ സ്കൂൾ പ്രവർത്തനം ആരംഭിച്ചു.

ഈ പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകത കാരണം ആദ്യകാലത്ത് നാലാംതരം പാസാകുന്നതോടെ പഠനം നിർത്തിയിരുന്നു. ക്രമേണ പടിഞ്ഞാറ് തേജസ്വിനിപ്പുഴ കടന്ന് നീലേശ്വരം രാജാസ് ഹൈസ്കൂളിലും കിഴക്കുഭാഗത്തെ കുന്നുകയറി കയ്യൂർ ഗവ:ഹൈസ്കൂളിലും എത്തി ആളുകൾ തുടർപഠനം നടത്തിത്തുടങ്ങി. ഭൂമിശാസ്ത്രപരമായ കാരണത്താലും ജനവാസം കുറവായതിനാലും പല വർഷങ്ങളിലും സ്കൂളിലെ കുട്ടികളുടെ എണ്ണം വളരെ പരിമിതമായിരുന്നു. പരിമിതികൾ പലതുണ്ടെങ്കിലും പല മേഖലകളിലും മികച്ച നിലവാരം പുലർത്താൻ ഇവിടുത്തെ കുട്ടികൾക്ക് സാധിച്ചിട്ടുണ്ട്. നാട്ടുകാരുടെ പ്രിയപ്പെട്ട വിദ്യാലയമായി ഇന്നും ഈ സ്ഥാപനം നിലകൊള്ളുന്നു...

## ലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പാക്കുക.

2. നാലാം ക്ലാസന്ന് കഴിയുമ്പോഴേക്കും സ്കൂളിലെ മുഴുവൻ കുട്ടികളേയും സ്വതന്ത്ര വായനക്കാരും എഴുത്തുകാരുമാക്കി മാറ്റുക.

3. വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് ഭാഷ പ്രയോഗിക്കാൻ കഴിവു നേടുക.

4. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പ് വരുത്തുക.

5. കുട്ടികളുടെ സർഗ്ഗപരവും അക്കാദമികപരവും കായികവുമായ കഴിവ് പ്രോത്സാഹിപ്പിച്ച് അന്തർദ്ദേശീയതലത്തിൽ ശ്രദ്ധേയമായ പൗരന്മാരെ വളർത്തുക.

6. ക്യാമ്പസ് ഒരു പാഠപുസ്തകം എന്ന കാഴ്ചപ്പാടിൽ ഓരോ ക്യാമ്പസും ജൈവവൈവിദ്ധ്യ ഉദ്യാനമാക്കി മാറ്റുക.

7. പ്രകൃതി സൗഹൃദ വിദ്യാലയാന്തരീക്ഷം എന്ന സങ്കൽപം യാഥാർത്ഥ്യമാക്കുക.

8. ഭാഷയുമായി ബന്ധപ്പെട്ട സി.ഡി, ഐ.സി.ടി സാധ്യത സജ്ജീകരിക്കുക.

9. ഭാഷാപരവും ഗണിതപരവുമായ പിന്നോക്കാവസ്ഥ പരിഹരിക്കുക.

10. അടിസ്ഥാന ശേഷി വികസനത്തിന് സ്വാഭാവികാന്തരീക്ഷത്തിൽ ഗണിത പഠനം ആസ്വാദ്യകരമാക്കുക.

11. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.

12. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.

# കാഴ്ചപ്പാട്

2026 ആകുമ്പോഴേക്കും നമ്മുടെ വിദ്യാർത്ഥികളുടെ അക്കാദമികവും സർഗപരവുമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുള്ള കേന്ദ്രമാക്കി വിദ്യാലയത്തെ മാറ്റുന്നതിനുള്ള പദ്ധതിയാണ് വിഷൻ 2026. നാല് വർഷം കഴിയുമ്പോഴേക്കും 60 കുട്ടികളെങ്കിലും പഠിക്കുന്ന ഒരു എൽ.പി സ്കൂളാക്കി മാറ്റുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

# അക്കാദമിക മാസ്റ്റർപ്ലാൻ

| മാതൃഭാഷാ വികാസം | (പിന്നോക്കക്കാർക്കുള്ള പ്രവർത്തനങ്ങൾ) |
|---|---|
| വായന | ലൈബ്രറി ശാക്തീകരണം, വായനാക്കുറിപ്പ് തയ്യാറാക്കൽ, പത്രവായന, മാധ്യമക്വിസ്, ബാലമാസികകൾ, ഐ.സി.ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ, വർക്ക് ഷീറ്റ്, പതിപ്പ്, ദിനാചരണം, നോട്ടീസ് തയ്യാറാക്കൽ, ഡയറിക്കുറിപ്പുകൾ |
| ഇംഗ്ലീഷ് | കമ്മ്യൂണിക്കേഷൻ സ്കിൽ വികസിപ്പിക്കുന്നതിന് വിദഗ്ദ്ധരെ പ്രയോജനപ്പെടുത്തൽ, ഐ.സി.ടി സാധ്യത പ്രയോജനപ്പെടുത്തൽ, ന്യൂസ്പേപ്പർ, സ്റ്റോറി, ചാർട്ട്, വർക്ക് ഷീറ്റ് പതിപ്പ് |
| ഗണിതം | എല്ലാവർക്കും ഗണിതകിറ്റ്, പിന്നോക്കക്കാർക്കുള്ള പ്രത്യേക പരിശീലനം ചതുഷ്ക്രിയകൾ), ഗണിതോപകരണങ്ങൾ ഉപയോഗപ്പെടുത്തൽ, ഗണിതക്കളികൾ, ഗണിത ചിത്രങ്ങൾ, ചാർട്ട്, വർക്ക്ഷീറ്റ്. |
| പരിസരപഠനം | ഫീൽഡ് ട്രിപ്പ് ശാസ്ത്രലാബ് വിപുലീകരണം, ജൈവവൈവിദ്ധ്യഉദ്യാനം പ്രയോജനപ്പെടുത്തൽ, പോർട്ട് ഫോളിയോ, പതിപ്പുകൾ, ദിനാചരണം, ഗ്രീൻപ്രോട്ടോകോൾ. |
| പ്രവർത്തി പരിചയം | ശില്പശാലകൾ, പരമാവധി കുട്ടികൾക്ക് മേളകൾക്ക് പരിശീലനം, വിവിധ മേഖലകളുമായി ബന്ധപ്പെട്ട് വിദഗ്ദ്ധരെ പ്രയോജനപ്പെടുത്തൽ, Learn & Earn -രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ പരിശീലനം. |
| കല | പരമാവധി കുട്ടികളെ മേളയിൽ പങ്കെടുപ്പിക്കാനുള്ള പരിശീലനം നൽകൽ, ആഴ്ചയിൽ ഒരു ബാലസഭ, ഐ.സി.ടി സാധ്യത പ്രയോജനപ്പെടുത്തൽ |
| കായികം | മാസ്ഡ്രിൽ ആഴ്ചയിൽ മൂന്ന് ദിവസം, പോഷകാഹാരം മെച്ചപ്പെടുത്തൽ, കളിസ്ഥലം. |
| അസംബ്ലി | എല്ലാ ദിവസവും അസംബ്ലി, ഒരു ദിവസം കുട്ടികളുടെ അസംബ്ലി, ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി, കുട്ടികളുടെ സ്കിൽ അവതരിപ്പിക്കൽ (വായനാകുറിപ്പ്, പത്രം, പ്രസംഗം, ഡയറി, കഥ, കവിത, etc...) |

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| **<u>മാതൃഭാഷ</u>**<br>➢ പിന്നോക്കക്കാർക്കുള്ള പ്രവർത്തനങ്ങൾ<br>➢ ലൈബ്രറി, വായനാകുറിപ്പ്, ചിത്രവായന, മാധ്യമക്വിസ്, ബാലമാസികകൾ, ഐ.സി.ടി, വർക്ക്ഷീറ്റ്, പതിപ്പുകൾ, ദിനാചരണം, ഡയറിക്കുറിപ്പ്, നോട്ടീസ് | ➢ ഭക്ഷണശാല<br>➢ ചുറ്റുമതിൽ<br>➢ കുടിവെള്ള സംവിധാനം<br>➢ ജലസേചന സംവിധാനം<br>➢ കളിസ്ഥലം | PTA, CPTA, SMC, SMDC (വികസന സമിതി) കാര്യക്ഷമമാക്കൽ ക്ലബ്ബുകളുടെ പങ്കാളിത്തം വിദഗ്ദ്ധരെ പ്രയോജനപ്പെടുത്തൽ പൂർവ്വവിദ്യാർത്ഥികൾ സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ |
| **<u>ഇംഗ്ലീഷ്</u>**<br>➢ കമ്മ്യൂണിക്കേഷൻ സ്കിൽ, ഐ.സി.ടി, ന്യൂസ്പേപ്പർ, സ്റ്റോറി ബുക്സ്, സ്റ്റോറി ചാർട്ട്, വർക്ക്ഷീറ്റ്, പതിപ്പ് | | |
| **<u>ഗണിതം</u>**<br>➢ ഗണിതകിറ്റ്, പിന്നോക്കക്കാർക്കുള്ള പരിശീലനം, ഗണിതോപകരണങ്ങൾ, ഗണിതകളികൾ, ഗണിതചിത്രങ്ങൾ, ചാർട്ട്, വർക്ക്ഷീറ്റ് | | |
| **<u>ഇ.വി.എസ്</u>**<br>➢ ഫീൽഡ്ട്രിപ്പ്, ശാസ്ത്രലാബ്,ജൈവവൈവിദ്ധ്യ ഉദ്യാനം പ്രയോജനപ്പെടുത്തൽ, പോർട്ട് പോളിയോ, പതിപ്പുകൾ, ദിനാചരണം, ഗ്രീൻ പ്രോട്ടോകോൾ. | | |
| **<u>പ്രവൃത്തി പരിചയം</u>**<br>➢ ശില്പശാലകൾ, മേളകളിൽ പരമാവധി കുട്ടികൾക്ക് പരശീലനം, വിദഗ്ദ്ധരെ പ്രയോജനപ്പെടുത്തൽ, Learn & Earn -രക്ഷിതാക്കളുടെ പങ്കാളിത്തം | | |

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| **കല**<br>➢ മേളകളിൽ പരമാവധി കുട്ടികൾക്ക് പരിശീലനം, ബാലസഭ, ഐ.സി.ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ | | |
| **കായികം**<br>➢ മാസ്ഡ്രിൽ, പോഷകാഹാരം, കളിസ്ഥലം, കായികോപകരണങ്ങൾ. | | |
| **അസംബ്ലി**<br>➢ എല്ലാ ദിവസവും അസംബ്ലി, കുട്ടികളുടെ അസംബ്ലി, ഇംഗ്ലീഷ് അസംബ്ലി, പത്രവായന, വായനാക്കുറിപ്പ്, പ്രസംഗം, കവിത, കഥ | | |
| **ജൈവവൈവിദ്ധ്യ ഉദ്യാനം**<br>➢ ആമ്പൽക്കുളം, ശലഭോദ്യാനം, പച്ചക്കറിത്തോട്ടം, ഔഷധ സസ്യങ്ങൾ, ജലസംരക്ഷണം, മണ്ണ് സംരക്ഷണം, മാലിന്യ സംസ്കരണം, വേനൽപ്പച്ച - പ്രവർത്തനങ്ങൾ, ചെടികൾ പട്ടികപ്പെടുത്തൽ. | | |

## ഭൗതികം

**നേട്ടം:-** 1 മുതൽ 4 വരെ ക്ലാസ്സുകളിലായി ഓരോ ഡിവിഷനുണ്ട്. 1-ാം ക്ലാസ്സ് 2015 - 16 വർഷത്തിൽ എം.എൽ.എ ഫണ്ട് ഉപയോഗിച്ച് സ്മാർട്ട് റൂം ആക്കിയിട്ടുണ്ട്. നിലവിലുള്ള ഹാളിന്റെ മേൽക്കൂര 2016 - 2017 വർഷത്തെ പഞ്ചായത്ത് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് പുതുക്കി പണിതിട്ടുണ്ട്.

പഞ്ചായത്ത് ഗ്രാന്റ് 2014 - 2015 ഉപയോഗിച്ച് കഞ്ഞിപ്പുര, ടോയ്‌ലറ്റ് എന്നിവ നിർമ്മിച്ചിട്ടുണ്ട്.

2022-23 വർഷം പഞ്ചായത്ത് ഗ്രാന്റ് ഉപയോഗിച്ച് പഴയ ഓടിട്ട കെട്ടിടം പെയിന്റടിക്കുകയും ടൈൽ പാകുകയും ചെയ്തു.

വികസന സമിതിയുടെ നേതൃത്വത്തിൽ 2022-23 വർഷം ഉച്ചഭക്ഷണശാല പെയിന്റ് ചെയ്യുകയും, മുറ്റം ഷീറ്റിടുകയും, ഓടിട്ട കെട്ടിടത്തിന്റെ മുൻഭാഗം ഇന്റർലോക്ക് ചെയ്ത് വൃത്തിയാക്കുകയും ചെയ്തു.

**കോട്ടം:-** ലൈബ്രറി, കമ്പ്യൂട്ടർലാബ്, ഭക്ഷണശാല എന്നിവയ്ക്ക് നിലവിൽ പ്രത്യേക മുറികളില്ല.

സ്കൂൾ കോമ്പൗണ്ടിന്റെ മൂന്നുവശത്ത് മാത്രമേ നിലവിൽ ചുറ്റുമതിലുള്ളൂ.

കുട്ടികൾക്കാവശ്യമായ രീതിയിൽ കളിസ്ഥലമില്ലാത്തത് കായിക പരിശീലനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

ശുദ്ധജല വിതരണത്തിനായി നിലവിലുള്ള ജലസംഭരണി അപര്യാപ്തമാണ്.

ജൈവവൈവിദ്ധ്യ ഉദ്യാനത്തിന് ആവശ്യമായ രീതിയിൽ ഒരു ജലവിതരണ സംവിധാനം അത്യാവശ്യമാണ്.

## അക്കാദമികം

**നേട്ടം:-** ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കാരണം കുട്ടികളുടെ എണ്ണം കുറവാണെങ്കിലും അക്കാദമികതലത്തിൽ മികച്ച നിലവാരം കൈവരിക്കാൻ സാധിക്കുന്നുണ്ട്. അക്കാദമിക മികവാണ് വിദ്യാലയ മികവ് എന്ന ആശയത്തിലൂന്നി മികച്ച അക്കാദമിക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാറുണ്ട്. മത്സര പരീക്ഷകൾ, ക്വിസ് മത്സരങ്ങൾ, കലാ-കായിക, പ്രവൃത്തിപരിചയ മേളകൾ എന്നിവയിൽ മികച്ച നിലവാരം പുലർത്തിവരുന്നു.

## സാമൂഹികം

**നേട്ടം :-** തികച്ചും ഗ്രാമീണാന്തരീക്ഷത്തിലുള്ള ഈ സ്കൂൾ പ്രാദേശിക വൈദഗ്ദ്ധ്യം പ്രയോജനപ്പെടുത്തി മികച്ച സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുന്നുണ്ട്. പ്രാദേശിക പഠനയാത്ര, ദിനാചരണങ്ങൾ, മറ്റ് സ്കൂൾതല പ്രവർത്തനങ്ങൾ എന്നിവയിൽ, നാട്ടിലെ ക്ലബ്ബുകളുടേയും, വിദഗ്ദ്ധരുടേയും സേവനം തേടാറുണ്ട്. PTA, CPTA, SMC, സ്കൂൾ വികസന സമിതി എന്നിവ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്.

**കോട്ടം :-** ഭൂരിപക്ഷം പേരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതിനാലും സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുന്നതിനാവശ്യമായ സ്കൂൾതല പ്രവർത്തനങ്ങൾ നടത്തുമ്പോൾ ഫണ്ടുകളുടെ അപര്യാപ്തത ഉള്ളതിനാലും ഇത്തരത്തിലുള്ള പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നു.

## അക്കാദമിക പ്രവർത്തനങ്ങളും വിശദാംശങ്ങളും

മേഖല : അക്കാദമികം

ഉപമേഖല : ഭാഷ മലയാളം

1. പ്രവർത്തനം : അർത്ഥപൂർണ്ണമായ വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നടപ്പിലാക്കുന്ന കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മാതൃഭാഷയിലുള്ള സാമഗ്രികൾ വായിച്ച് ആശയം ഗ്രഹിക്കാനും മറ്റുള്ളവർക്ക് മനസ്സിലാകും വിധം ലേഖനത്തിലൂടെയും സംസാരത്തിലൂടെയും പ്രകടമാക്കാനുള്ള കഴിവ് ഉറപ്പാക്കൽ. | • പത്രം വായനയും വിശകലനവും എല്ലാദിവസവും ക്ലാസ്സുകളിൽ നടക്കുന്നു. അസംബ്ലിയിൽ പ്രധാനവാർത്ത വായിക്കുന്നു. ലൈബ്രറി പുസ്തകങ്ങൾ വായിച്ച് കുറിപ്പ് തയ്യാറാക്കി അസംബ്ലിയിൽ വായിക്കുന്നു. പാഠപുസ്തകത്തെ ആധാരമാക്കി തയ്യാറാക്കിയ ആവിഷ്ക്കാരങ്ങളും വർണ്ണനകളും ഡയറിക്കുറിപ്പുകളും മറ്റും കുട്ടികളുടെ മുമ്പിൽ അവതരിപ്പിക്കുന്നു. പത്രവാർത്തകളെ അടിസ്ഥാനമാക്കി മാധ്യമ ക്വിസ് നടത്തുന്നു.<br>• ലൈബ്രറി ശാക്തീകരണത്തിന്റെ ഭാഗമായി പുസ്തകങ്ങൾ തരംതിരിച്ച് സൂക്ഷിക്കുന്നു. അമ്മ വായന, കുഞ്ഞുവായന നടത്തുന്നു. | ജൂൺ - മാർച്ച് | SRG<br>ക്ലാസ്<br>അധ്യാപകർ | 4000/- |

മേഖല : അക്കാദമികം

ഉപമേഖല : ഭാഷ മലയാളം

2. **പ്രവർത്തനം : മലയാളം മധുരം തുടർപ്രവർത്തനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നടപ്പിലാക്കുന്ന കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നാലാം ക്ലാസ് കഴിയുമ്പോ ഴേക്കും കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുക. | • പ്രീ ടെസ്റ്റ് നടത്തി ഭാഷയിൽ പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തി അവർക്ക് പ്രത്യേക പരിശീലനം നൽകൽ. അക്ഷരകാർഡ്, വായന കാർഡ്, ആകർഷകമായ പുസ്തക ങ്ങൾ എന്നിവ നൽകി വായനയിൽ താല്പര്യം ഉണ്ടാക്കുന്നു. പ്രത്യേക ക്ലാസുകൾ നൽകുന്നു. പോസ്റ്റ് ടെസ്റ്റ് നടത്തുന്നു. പരിഹാരബോധത്തിനു ശേഷം കുട്ടികളുടെ സ്ഥിതി വിലയി രുത്തുന്നു. വായന കാർഡ്, മാസിക ലൈബ്രറി എന്നിവ നൽകി കുട്ടികളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നു. സ്വതന്ത്ര വായനക്കാരാക്കുന്നു. | ജൂൺ - ഒക്ടോബർ | SRG / PTA | 2000/- |

മേഖല : അക്കാദമികം

ഉപമേഖല : മലയാളം

3. **പ്രവർത്തനം : പിന്നോക്കക്കാർക്കുള്ള പരിശീലനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നടപ്പിലാക്കുന്ന കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷയിൽ പിന്നോക്കം നിൽക്കു ന്നവരെ മുൻനിരയിലെത്തി ക്കൽ | • ഫ്ളാഷ് കാർഡുകൾ, വർക്ക് ഷീറ്റുകൾ, കഥാ ചാർട്ടുകൾ എന്നിവ പ്രയോജനപ്പെടുത്ത പിന്നോക്കക്കാർക്കായി പ്രത്യേക പരിശീലനം നൽകുന്നു. മലയാളത്തിളക്കം പ്രവർത്തനം ചെയ്യുന്നു.. | ജൂൺ - ആഗസ്ത് | അധ്യാപകർ | 2000/- |

മേഖല : അക്കാദമികം ഉപമേഖല : മലയാളം

4. പ്രവർത്തനം : പതിപ്പ് നിർമ്മാണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നടപ്പിലാക്കുന്ന കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ലേഖനത്തിലൂടെയും ഭാഷണത്തിലൂടെയും ചിത്രരചനകളിലൂടെയും നേടിയ അറിവ് പ്രകടമാക്കൽ | • പാഠഭാഗവുമായി ബന്ധപ്പെട്ടതും, അല്ലാത്തതുമായ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി പതിപ്പ് നിർമ്മിക്കുന്നു. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ വികസിപ്പിക്കുന്നു. കൃതികൾ പരിചയപ്പെടുത്തൽ, പുസ്തക പ്രദർശനം, ഐ.സി.ടി സാധ്യത, ഫോട്ടോ ശേഖരണം, കവിത ശേഖരണം തുടങ്ങിയ പ്രവർത്തനങ്ങൾ.<br>• അസംബ്ലിയിൽ കുട്ടികളുടെ ശേഷികൾ പ്രകടിപ്പിക്കാൻ അവസരം ഒരുക്കൽ, പത്രവാർത്ത, ഡയറി കുറിപ്പ്, വായന കുറിപ്പ്, നാടൻ പാട്ടുകൾ എന്നിവയുടെ അവതരണം. | പ്രതിമാസം | അധ്യാപകർ | 5000/- |

മേഖല : അക്കാദമികം ഉപമേഖല : മലയാളം

5. പ്രവർത്തനം :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നടപ്പിലാക്കുന്ന കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ക്ലാസ് ലൈബ്രറി വികസനവും വായന പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തലും | • ക്ലാസിലേക്ക് ആവശ്യമായ വിവിധ പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ.<br>• ക്ലാസ്തല വായനാക്കൂട്ടം രൂപീകരണം, സൂക്ഷിപ്പ്, വിതരണ ചുമതലകൾ രൂപപ്പെടുത്തുന്നു. സ്കൂൾ ലൈബ്രറിയിൽ ലഭ്യമായ പുസ്തകങ്ങൾ പട്ടികപ്പെടുത്തൽ.<br>• ക്ലാസ്സ് പി.ടി.എ യോഗത്തിൽ അവതരണം - ചർച്ച. ക്ലാസിലേക്കാവശ്യമായ പുസ്തകങ്ങൾ ലഭ്യമാക്കൽ.<br>• പുസ്തക പ്രദർശനം<br>• കയ്യെഴുത്ത് മാസിക പ്രകാശനം | ജൂലൈ<br>ജൂലൈ<br>ആഗസ്ത് - സെപ്തംബർ<br><br>മാർച്ച് | ക്ലാസ് അധ്യാപകർ<br>ക്ലാസ്സ് ടീച്ചർ<br>HM/SRG<br>HM/SRG | 5000/- |

**മേഖല - അക്കാദമികം** **ഉപമേഖല - ഇംഗ്ലീഷ്**

**പ്രവർത്തനം: പഠന നില കണ്ടെത്തൽ**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ ആവിഷ്ക്കരിക്കുക. എല്ലാ കുട്ടികളേയും ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് സംസാരിക്കാൻ പ്രാപ്തരാക്കൽ | പ്രീടെസ്റ്റ് നടത്തി പഠന നില കണ്ടെത്തുന്നു. അക്ഷര കാർഡുപയോഗിച്ച് വാക്കുനിർമ്മാണം, വാക്യ നിർമ്മാണം, വർക്ക് ഷീറ്റ് നിർമ്മാണം, പതിപ്പ്, കഥാ ചാർട്ടിൽ അനുയോജ്യമായ വാക്യങ്ങൾ കണ്ടെത്തൽ, ക്രമപ്പെടുത്തൽ എന്നീ പ്രവർത്തനങ്ങൾ ചെയ്യുന്നു. ഇംഗ്ലീഷ് കോർണ്ണറിൽ മാച്ചിംഗ് കാർഡ്, റൈം, കഥകൾ എന്നിവ സജ്ജീകരിക്കുന്നു. ക്ലാസ്സ് പ്രവർത്തനങ്ങളുടെ ഭാഗമായുണ്ടാക്കുന്ന പതിപ്പ് രൂപീകരണം. | ജൂൺ - മാർച്ച് | S.R.G<br>PTA<br>അധ്യാപകൻ | 10,000/- |

**മേഖല - അക്കാദമികം** **ഉപമേഖല - ഇംഗ്ലീഷ്**

**പ്രവർത്തനം: സർഗ്ഗാത്മക വികസനം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത സി.ഡി എന്നിവ സജ്ജീകരിക്കൽ. സാങ്കേതിക വിദ്യ സാധ്യതകൾ ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തൽ | പാഠവുമായി ബന്ധപ്പെട്ട കഥാഭാഗങ്ങൾ, കവിതകൾ എന്നിവ എൽ.സി.ഡി പ്രൊജക്റ്റർ മുഖേന അവതരിപ്പിക്കൽ<br>പാഠഭാഗവുമായി ബന്ധപ്പെട്ട് കഥകൾ അവതരിപ്പിക്കൽ, ഇംഗ്ലീഷിൽ കവിത ചൊല്ലുന്നു, കഥ പറയുന്നു. | ജൂൺ - മാർച്ച് | ക്ലാസ്<br>അധ്യാപകൻ<br>S.R.G | 6,000/- |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

1. പ്രവർത്തനം : പഠനനില കണ്ടെത്തൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കൽ | പ്രീടെസ്റ്റ് നടത്തി പഠന നില കണ്ടെത്തുന്നു. പരിഹാര ബോധന പ്രവർത്തനം നടത്തുന്നു. ഫ്ളാഷ് കാർഡ്, മേച്ചിംഗ് കാർഡ്, വർക്ക് ഷീറ്റ്, പസിൽ എന്നിവ ഉപയോഗിക്കുന്നു. | ജൂൺ | ക്ലാസ് ടീച്ചർ | 1000/- |
| **2. എല്ലാവർക്കും ഗണിത കിറ്റ്** | | | | |
| ഗണിതത്തിലെ അടിസ്ഥാന ശേഷി വികസിപ്പിക്കുന്നതിനായി പ്രകൃതിയിൽ നിന്നുള്ള വസ്തുക്കൾ പ്രയോജനപ്പെടുത്തൽ | പ്രകൃതിയിൽ നിന്ന് ലഭിക്കുന്ന മഞ്ചാടിക്കുരു, കുന്നിക്കുരു, ഈർക്കിൽ കെട്ടുകൾ എന്നിവ ശേഖരിച്ച് ചതുഷ്ക്രിയകളുടെ പഠനത്തിന് ഉപയോഗിക്കുന്നു. | ജൂൺ - മാർച്ച് | അധ്യാപകർ<br>SSG | |
| **3. വർക്ക് ഷീറ്റ് നിർമ്മാണം, ശില്പശാല** | | | | |
| ഗണിതം പഠനം കൂടുതൽ ലളിതവും കാര്യക്ഷമവുമാക്കൽ<br>ഗണിത പഠനവും സുഗമവും രസകരവും ആക്കുന്നതോടൊപ്പം കരചലന ശേഷികളുടെ വികാസം | നിർമ്മാണ ശില്പശാല - പാഠഭാഗങ്ങൾക്കനുസൃതമായി അധിക പ്രവർത്തനങ്ങൾക്കുള്ള വർക്ക്ഷീറ്റ് തയ്യാറാക്കൽ, ഗണിത ക്ലബ്ബ് രൂപീകരണം, ജിക്സോ, പസിൽ, കളികൾ, കടങ്കഥ, കഥ ലിസ്റ്റ് ചെയ്യുന്നു, ശേഖരിക്കുന്നു.<br>മെട്രിക്ക് മേള - നീളം, ഉള്ളളവ്, ഭാരം എന്നീ വ്യത്യസ്ത അളവുകളും നാണയങ്ങൾ, കറൻസികൾ എന്നിവയും ഉൾപ്പെടുത്തി ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു. മെട്രിക്ക്മേള നടത്തുന്നു. | 2 ആഴ്ച | SSG<br>പി.ടി.എ<br><br>പഞ്ചായത്ത്<br>SSA | 15000/-<br><br>5000/- |

പേര് ശാസ്ത്രലാബ് നവീകരിക്കൽ

മേഖല /ഉപമേഖല : അക്കാദമികം/ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ശാസ്ത്രലാബ് സജ്ജീകരിക്കൽ | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങൾ ഇനം തരിച്ച് ക്രമീകരിക്കൽ, വിപുലപ്പെടുത്തൽ, കാറ്റലോഗ് തയ്യാറാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | 2000/- |

പേര് ഫീൽഡ് ട്രിപ്

മേഖല /ഉപമേഖല : ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തൽ, പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | കൃഷിയെക്കുറിച്ച് അടുത്തറിയാനും പ്രകൃതി നിരീക്ഷണത്തിന് ഉതകുന്നതുമായ യാത്രകൾ സംഘടിപ്പിക്കൽ<br>പാഠഭാഗവുമായി ബന്ധപ്പെട്ട് നിർമ്മാണ ശാലകൾ, തൊഴിലിടങ്ങൾ എന്നിവ സന്ദർശിക്കൽ | ആവശ്യാനുസരണം | SSG സയൻസ് ക്ലബ്ബ് | 8000/- |

മേഖല /ഉപമേഖല : **അക്കാദമികം/ശാസ്ത്രം**

പേര് **ജൈവ വൈവിധ്യ ഉദ്യാനം പ്രയോജനപ്പെടുത്തൽ**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ...സ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ ...ളിയാവുക ...ത്തെ പരിസരബന്ധിയും ജീവിതഗന്ധി ...ും ആക്കുവാൻ ആവാസ പരിസര സാധ്യ ...കൾ പരമാവധി പ്രയോജനപ്പെടുത്തുക ...സ്കൂൾ കാമ്പസിനെ അറിവിന്റെ ...മിതിക്കുള്ള ഏറ്റവും നല്ല സ്രോതസ്സാ ...മാക്കുകയും ചെയ്യുക. | സസ്യങ്ങളുടെ പേര് ലിസ്റ്റ് ചെയ്യുന്നു. അവയുടെ ഉപയോഗം എഴുതുന്നു. ഔഷധ സസ്യങ്ങൾ പരിചയപ്പെടുന്നു.<br>പാഠഭാഗവുമായി ബന്ധപ്പെട്ട പഠനപ്രവർത്തനങ്ങൾക്കനുസൃതമായി ജൈവവൈവിധ്യ ഉദ്യാനം പ്രയോജനപ്പെടുത്തുന്നു.<br>ആമ്പൽക്കുളം, ഔഷധത്തോട്ടം., പച്ചക്കറിത്തോട്ടം, ശലഭോദ്യാനം, പൂന്തോട്ടം ഇവയുടെ നിർമ്മാണം, വിവിധതരം ശലഭങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ. , മാലിന്യ സംസ്ക്കരണം, മണ്ണ് സംരക്ഷണം. | 2018 - 2022<br><br>അക്കാദമിക വർഷം മുഴുവൻ | അധ്യാപകർ<br>എസ്.<br>ആർ.ജി<br><br>പി.ടി.എ | 50000/- |

മേഖല /ഉപമേഖല : **അക്കാദമികം/ശാസ്ത്രം**

പേര് **പോർട്ട് ഫോളിയോ, പതിപ്പുകൾ**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ...നത്തെളിവുകൾ വിലയിരുത്തൽ, ശേഖരം ...നിരീക്ഷണം തുടങ്ങിയ ശേഷികൾ ...കസിപ്പിക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ രേഖകൾ (നോട്ടു പുസ്തകങ്ങൾ, ഫയലുകൾ, പരീക്ഷണക്കുറിപ്പുകൾ തുടങ്ങിയവ കൃത്യമായി സൂക്ഷിക്കുന്നു.<br>ദിനാചരണങ്ങളുമായി ബന്ധപ്പെട്ടും പാഠഭാഗവുമായി ബന്ധപ്പെട്ടും പതിപ്പുകൾ നിർമ്മിക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് അധ്യാപകൻ<br>SRG | |

**മേഖല / ഉപമേഖല : സർഗാത്മക കഴിവുകളുടെ വികാസം**
**കുട്ടികളുടെ രംഗവേദികൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നടപ്പിലാക്കുന്ന കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ സർഗപരവും അക്കാദമികപരവുമായ കഴിവുകളെ പ്രോത്സാഹിപ്പിക്കൽ | • പാഠഭാഗങ്ങളുടെ നാടകാവിഷ്ക്കാരം, കഥാകഥനം, കവിതാലാപനം, വിദഗ്ദരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ശില്പശാലകൾ എന്നിവ സംഘടിപ്പിക്കുന്നു. മേളകളിലെ പങ്കാളിത്തം ഉറപ്പാക്കുന്നു. നാടൻപാട്ട്, വായ്ത്താരികൾ, കൃഷിപ്പാട്ട് എന്നിവയുടെ ശേഖരണം ബാലസഭയിൽ അവതരണം. | ജൂൺ - ഡിസംബർ | SRG<br>SSG | 5000/- |

**മേഖല / ഉപമേഖല : സമഗ്ര വികസനം**
**പ്രവർത്തനം : ദിനാചരണങ്ങൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | നടപ്പിലാക്കുന്ന കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | • വാർഷിക പദ്ധതി രൂപീകരണം.<br>• ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ രൂപപ്പെടുത്തുന്നു (SRG). മഹാന്മാരുടെയും കവികളുടേയും ജനന ചരമ ദിനങ്ങൾ സമുചിതമായി ആചരിക്കുന്നു. അനുസ്മരണ പ്രഭാഷണം. | ജൂൺ - മാർച്ച് | SRG<br>അധ്യാപകർ | |

മേഖല /ഉപമേഖല : പ്രവൃത്തി പരിചയം

പ്രവർത്തനം : ശില്പശാല, ടാലന്റ് ലാബ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിദ്യാഭ്യാസം തൊഴിലധിഷ്ഠിതമാക്കൽ, സമഗ്ര വികസനത്തിന് പ്രാപ്തരാക്കൽ | പരമാവധി കുട്ടികളെ പ്രവത്തി പരിചയ മേളകളിൽ പങ്കെടുപ്പിക്കൽ, വിവിധ മേഖലകളുമായി ബന്ധപ്പെട്ട് വിദ്ഗ്ധരെ പ്രയോജനപ്പെടുത്തൽ, സോപ്പ നിർമ്മാണം, ചന്ദനത്തിരി നിർമ്മാണം, വെജിറ്റബിൾ പ്രിംന്റിംഗ് തുടങ്ങിയവയിൽ പരിശീലനം, സോപ്പ് നിർമ്മാണവുമായി ബന്ധപ്പെട്ട് വിപണന സാധ്യത കണ്ടെത്തൽ. | ജൂൺ - ജനുവരി | പിടി.എ<br>SSG | 10,000/- |

മേഖല /ഉപമേഖല : സാമൂഹിക പങ്കാളിത്തം

പ്രവർത്തനം : ബാലോത്സവം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ സാമൂഹിക പങ്കാളിത്തം ഉറപ്പാക്കൽ | വാർഷികവുമായി ബന്ധപ്പെട്ട് കുട്ടികളുടേയും സമീപത്തുള്ള അംഗൻവടി കുട്ടികളുടേയും കലാപരിപാടികൾ സംഘടിപ്പിക്കുന്നു.<br>പി.ടി.എ - എല്ലാ രക്ഷിതാക്കളുടേയും പങ്കാളിത്തത്തോടെ ജനറൽ ബോഡി യോഗങ്ങളും രക്ഷാകർത്തൃ പരിശീലനവും സംഘടിപ്പിക്കുന്നു.<br>സി.പി.ടി.എ - ഓരോ മാസവും യോഗം ചേർന്ന് ക്ലാസ് പ്രവർത്തനം അവലോകനം ചെയ്യുന്നു പ്രശ്നങ്ങ്ന ചർച്ച ചെയ്യുന്നു. പ്രവർത്തനം ആസൂത്രണം ചെയ്യുന്നു. | വർഷാവസാനം വരെ<br>3 മാസത്തിൽ ഒരിക്കൽ<br>മാസംതോറും | പി.ടി.എ<br>SSG<br>പി.ടി.എ<br>SSG<br>ക്ലാസ് അധ്യാപകൻ | 16000/- |

## ഉപസംഹാരം

പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങൾ ആക്കുക എന്ന ലക്ഷ്യത്തോടെ പൊതു വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി ജനകീയ പങ്കാളിത്തത്തോടെ പൂർണ്ണതയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ് .പരിമിതികളെ സാധ്യതകളാക്കാനും വെല്ലുവിളികളെ തരണം ചെയ്യാനും അക്കാദമിക മാസ്റ്റർ പ്ലാൻ ഉപകരിക്കുന്നു. അക്കാദമികവും ഭൗതികവും സാമൂഹികവുമായ മേഖലകളിൽ സമഗ്രമായ പുരോഗതി കൈവരിക്കുമ്പോൾ വിദ്യാലയം മികവിന്റെ കേന്ദ്രമാകുന്നു. സ്കൂളും നാടും നാട്ടുകാരും എന്നപോലെ ഉന്നതിയിലേക്ക് നീങ്ങുന്ന കാഴ്ച നമുക്കിവിടെ ദർശിക്കാം .അതിനായി നമുക്ക് ഒത്തു നീങ്ങാം. കൂട്ടുതൽ ലക്ഷ്യത്തോടെ ഒത്തു പ്രവർത്തിക്കാം.